**<u>ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം</u>**

**ഹാജർ : U.V.Jose IAS (Retd)**

വിഷയം :- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - ഖരമാലിന്യ (ജൈവം) സംസ്കരണം റിംഗ് കമ്പോസ്റ്റ് മേഖലയിൽ സേവനം നല്കുന്നതിലേയ്ക്ക് Liger India Projects and Consultancy LLP എന്ന സ്ഥാപനത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-

1. 31.12.2014-ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 13.08.2018-ൽ ചേർന്ന 29-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാനം.
3. 27.04.2023 ൽ ചേർന്ന എക്സ്പേർട്ട് കമ്മിറ്റി തീരുമാനം.
4. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.07.2024 തീയതിയിലെ 6482/C4/2023/SM നമ്പർ നടപടിക്രമം.
5. 30.10-2024 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.

നമ്പർ: SM/938/2024-C4 തീയതി: 14-11-2024

**<u>ഉത്തരവ്</u>**

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ശുചിത്വമിഷന് അനുമതി നൽകി ഉത്തരവായിരുന്നു. കൂടാതെ പരാമർശം (2) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണ മേഖലയിൽ സേവന ദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (4) പ്രകാരം സാങ്കേതിക സമിതി പുന:സംഘടിപ്പിച്ചിരുന്നു. റിംഗ് കമ്പോസ്റ്റ് മേഖലയിൽ അംഗീകാരം നൽകണം എന്ന് ആവശ്യപ്പെട്ട് Liger India Projects and Consultancy LLP എന്ന ഏജൻസി അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത ഏജൻസിയുടെ കോഴിക്കോട് ജില്ലയിലെ പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്തി, യോഗ്യതാ നിർണ്ണയം നടത്തി ടി ഏജൻസിയെ സേവന ദാതാവായി അംഗീകരിക്കാൻ കഴിയുമോയെന്ന ശുപാർശ സഹിതം ജില്ലാ കോ-ഓർഡിനേറ്റർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

പരാമർശം (5) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ പ്രസ്തുത ഏജൻസി സമർപ്പിച്ച അപേക്ഷയും, ജില്ലാ ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടും പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ യോഗ്യരാണെന്ന് കണ്ടെത്തിയ ടി ഏജൻസിയെ റിംഗ് കമ്പോസ്റ്റ്

മേഖലയിൽ എംപാനൽ ചെയ്യുന്നതിന് സാങ്കേതിക സമിതി നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ പരാമർശം (3) പ്രകാരം 27.04.2023 ൽ ചേർന്ന എക്സ്പേർട്ട് ടെക്നിക്കൽ കമ്മിറ്റിയിൽ നിലവിലെ ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ പ്രായോഗികത സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനം മുഖാന്തിരം വിലയിരുത്തുന്നതിനും ആയതിൻ്റെ അടിസ്ഥാനത്തിൽ നിലവിലെ മാലിന്യ സംസ്കരണ ഉപാധികളുടെ സ്പെസിഫിക്കേഷനുകളും, അംഗീകാരവും (കാലഹരണപ്പെട്ടവ ഒഴിവാക്കുന്നത് ഉൾപ്പെടെ) ഭേദഗതി വരുത്തുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത പഠനത്തിന് വിധേയമായി നിലവിലെ എംപാനൽഡ് ഏജൻസികളുടെ അംഗീകാരം പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ പ്രസ്തുത തീരുമാനത്തിന് വിധേയമായി, നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ ഏതൊരു സമയത്തും സേവനദാതാവായി അംഗീകരിക്കപ്പെടുന്ന ഏജൻസികളുടെ അംഗീകാരം ഒഴിവാക്കുന്നതിന്/ ഭേദഗതി വരുത്തുന്നതിന് ശുചിത്വ മിഷന് അംഗീകാരം ഉണ്ടായിരിക്കുന്നതാണ് എന്ന നിബന്ധനക്ക് വിധേയമായി മേൽ സൂചിത ശുചിത്വ മിഷൻ സാങ്കേതിക സമിതികളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പരാമർശം (3,5) തീരുമാനങ്ങൾക്ക് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള Liger India Projects and Consultancy LLP 35/1205 Kaloor Road, Valayanad, Mankam, Kozhikode, 673007 എന്ന സ്ഥാപനത്തിന് ഖരമാലിന്യ (ജൈവം) സംസ്കരണം റിംഗ് കമ്പോസ്റ്റ് മേഖലയിൽ ശുചിത്വ മിഷൻ്റെ അംഗീകൃത സേവനദാതാവായി ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസിയുടെ സേവന കാലാവധി ഈ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് ആയിരിക്കും.

| Name of Agency | Area Recommended |
|---|---|
| Liger India Projects and Consultancy LLP.<br>35/1205 Kaloor Road, Valayanad, Mankam,<br>Kozhikode, 673007.<br>E-mail : successprojects09@gmail.com<br>Phn : 9847272258 / 9495004916 | Ring Compost Unit |

**നിബന്ധനകൾ**

1. സേവനദാതാക്കളുടെ കാലാവധി ഈ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് ആയിരിക്കും. ആയതിന് ശേഷം യോഗ്യതാ നിർണയം നടത്തി അംഗീകാരം പുതുക്കി നൽകുന്നതാണ്.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതാണ്. സേവനദാതാക്കൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് മുമ്പായി ടി പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

3. സേവനദാതാക്കൾ അവരവർക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിൽ ടെൻഡർ നടപടിക്രമങ്ങളിലൂടെ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ. സർക്കാർ/ ശുചിത്വ മിഷൻ അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ളതും, ഗുണനിലവാരമുള്ളതുമായ റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ, സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് നിരക്കിൽ മാത്രമേ നിർമ്മിച്ച് വിതരണം ചെയ്യുവാൻ പാടുള്ളൂ. ഗുണനിലവാര പരിശോധനകൾ സർക്കാർ മാർഗരേഖ പ്രകാരം അനുവർത്തിക്കേണ്ടതാണ്.

4. സേവനദാതാക്കൾ വാറണ്ടി (കുറഞ്ഞത് 3 വർഷം എങ്കിലും) കാലയളവിനുള്ളിൽ, മൂന്നു മാസത്തിൽ ഒരിക്കലും, ആയതിന് ശേഷം വർഷത്തിൽ ഒരിക്കലും നിർബന്ധമായും അവർ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ ഉപാധികൾ/ പ്ലാൻ്റുകൾ പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതും, ആവശ്യമെങ്കിൽ അറ്റകുറ്റപ്പണി ചെയ്ത് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രൊപ്പോസൽ ഗുണഭോക്താവിന്/ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്.

5. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു വേണം സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്. കൂടാതെകാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ യൂണിറ്റ് നിരക്ക്, സ്റ്റാൻൻ്റേർഡ്സ് & സ്പെസിഫിക്കേഷൻ, പ്രവൃത്തി പരിപാലന പ്രോട്ടോകോൾ, വാറൻ്റി നിബന്ധനകൾ എന്നിവ നിർബന്ധമായും എല്ലാ സേവനദാതാക്കളും പാലിക്കേണ്ടതാണ്.

6. സേവന ദാതാക്കൾ അവർ ഏറ്റെടുക്കുന്ന പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ (പ്രോജക്ടിന്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), ഗുണഭോക്താക്കളുടെ വിവരം, പ്രോജക്ട് ലൊക്കേഷൻ എന്നിവ) നിർബന്ധമായും രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടതും, എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെൻ്റിൻ്റെ പകർപ്പ് സഹിതം ശുചിത്വമിഷനിൽ ഹാജരാക്കേണ്ടതുമാണ്.

7. സേവന ദാതാക്കൾ മേൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ, നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും അംഗീകാരം റദ്ദ് ചെയ്യുന്നതിന് ശുചിത്വമിഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

8. സർക്കാർ/ ശുചിത്വമിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ എല്ലാ സേവനദാതാക്കളുടെയും സഹകരണം ഉറപ്പാക്കേണ്ടതാണ്.

Sd/-

U.V.Jose IAS (Retd)

EXECUTIVE DIRECTOR

ഉള്ളടക്കം : സർവ്വീസ് ലോഗ് മാതൃക

സ്വീകർത്താവ്,

Liger India Projects and Consultancy LLP.

35/1205 Kaloor Road, Valayanad, Mankam, Kozhikode, 673007.

പകർപ്പ്,

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ- ഓർഡിനേറ്റർമാർ മുഖേന)
5. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.